(സി) എരുർ–ഇടമൺ റോഡിൽ ആയിരനെല്ലൂരിൽ ഒരു പാലം കെട്ടുന്നതിനുള്ള നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ; അതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ, ബ) രണ്ടാംപഞ്ചവത്സരപദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വിവരങ്ങൾ നൽകുവാൻ നിവൃത്തിയില്ല.

(സി) ഉണ്ട്. ഈ പാലം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ട്.

വനംകുടികൾ.

* 229. [44] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് എത്ര വനംകുടികളുണ്ടു്;

(ബി) അവക്കു ഗവണ്മെൻറിൽനിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടു്;

(സി) അവർക്കു കൃഷിക്കുവേണ്ടി എന്തെല്ലാം സൗകര്യങ്ങൾ നൽകിയിട്ടുണ്ടു്;

(ഡി) തൊടുപുഴതാലൂക്കിലെ വനംകുടികൾക്കുവേണ്ടി എന്തുമാത്രം കൃഷിയായുധങ്ങൾ നൽകിയിട്ടുണ്ടു്;

(ഈ) ആക്കില്ലാമാണ കൊടുത്തിട്ടുള്ളതു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സംസ്ഥാനത്തു് 14813 വനംകുടികളുണ്ടു്.

(ബി) അവർക്കു്, 'വനംകുടിനിയമം' അനുസരിച്ചുള്ള സകല ആനുകൂല്യങ്ങളും നൽകുന്നുണ്ടു്. കൃഷിചെയ്യുന്നതിനാവശ്യമുള്ള വനഭൂമികൾ, താമസിക്കുന്നതിനു വീടുകൾ, കുട്ടികളെ പഠിപ്പിക്കുന്നതിനു പയൽസ്കൂളുകൾ, വയോജനവിദ്യാഭ്യാസത്തിനായി നിശാപാഠശാലകൾ മുതലായവ സൗകര്യപ്പെടുത്തിക്കൊടുക്കുന്നുണ്ടു്. അവർക്കു വസ്ത്രങ്ങൾകൊടുക്കുന്നുണ്ടു്. കൃഷിസാമഗ്രികൾ, വിത്തുകൾ, തൈകൾ ഇവയും നൽകുന്നുണ്ടു്. സഹകരണസംഘങ്ങൾ സ്ഥാപിച്ചുകൊടുക്കുന്നുണ്ടു്. ഗതാഗതത്തിനു റോഡുകൾ വെട്ടിക്കൊടുക്കുന്നുണ്ടു്. കൂടാതെ, ഗിരിവർഗ്ഗ വിദ്യാർത്ഥികൾക്കു പുസ്തകങ്ങൾമുതലായവ വാങ്ങിക്കുന്നതിനു വാർഷികഗ്രാൻറും പ്രത്യേകം സ്റ്റൈപ്പൻറും നൽകിവരുന്നുണ്ടു്.

(സി) വനംകുടിനിയമങ്ങൾക്കു വിധേയമായി യാതൊരു നികുതിയും കൂടാതെ റിസർവ്വിൽ കൃഷിനടത്തുന്നതിനു അനുവദിച്ചിട്ടുണ്ടു്. ഗിരിവർഗ്ഗക്ഷേമകേന്ദ്രങ്ങളിൽ താമസിക്കുന്നവർക്കു കൃഷിസാമഗ്രികളും, തൈകളും, വിത്തുവർഗ്ഗങ്ങളും വിതരണം ചെയ്തിട്ടുണ്ടു്.

(ഡി) തൊടുപുഴത്താലൂക്കിൽ ഗിരിവർഗ്ഗക്ഷേമകേന്ദ്രം അനുവദിച്ചിട്ടില്ലാത്തതിനാൽ അവിടെയുള്ള ഗിരിവർഗ്ഗക്കാർക്കു കൃഷിഉപകരണങ്ങൾ വിതരണംചെയ്തിട്ടില്ല.

(ഈ) ഡി-യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly